# വലിക്കാനില്ലാത്ത പലചരക്കുകട

കേൾക്കുമ്പോൾ അത്ഭുതം തോന്നാം. ബീഡിയും സിഗരറ്റുമൊന്നും വിൽക്കാനില്ലാത്ത പലചരക്കുകടയോ? എന്നാൽ സത്യമതാണ്. ചാവക്കാട്ടെ മാമാ ബസാറിൽ കട നടത്തുന്ന പാലുവായ് സ്വദേശി ജോസഫ് തന്റെ കടയിൽ ബീഡിയും സിഗരറ്റും മാത്രമല്ല, പുകയിലയും മുറുക്കാനും പാൻപരാഗും ഒന്നും വിൽക്കാറില്ല!

നാലു വർഷത്തോളമായി ജോസഫ് കട തുടങ്ങിയിട്ട്. ആദ്യത്തെ ആറു മാസക്കാലം ബീഡി, സിഗരറ്റ് വിൽപ്പന ഉണ്ടായിരുന്നു. പിന്നീട് ജോസഫിന് മനസിലായി. ഇത് സമൂഹത്തെ നശിപ്പിക്കുന്നത് മാത്രമല്ല നഷ്ടക്കച്ചവടം കൂടിയാണെന്ന്. ബിഡി, സിഗരറ്റ് കച്ചവടം നിറുത്തിയതിനെപ്പറ്റി ചോദിച്ചാൽ ഒട്ടേറെ കാര്യങ്ങളുണ്ട് ജോസഫിന് പറയാൻ.

കാശു കൊടുത്തെന്തിനാ കടിക്കുന്ന നായയെ വാങ്ങുന്നത് ജോസഫ് ചോദിക്കുന്നു. ലാഭശതമാനം വളരെ കുറഞ്ഞ കച്ചവടമാണ്. സിഗരറ്റിന്റെ ചില്ലറ വില്പ്പന കണക്കുകൂട്ടി നോക്കിയാൽ പലപ്പോഴും നഷ്ടവുമാണ്. ചില്ലറയ്ക്കുവേണ്ടി ഒന്നോ രണ്ടു സിഗരറ്റ് വാങ്ങുന്നവരുണ്ട്. ബാക്കി കൊടുക്കാനില്ലെന്നു പറഞ്ഞാൽ കടംപറയും. പരിചയക്കാരോട് മറുത്തൊന്നും പറയാനുമാവില്ല. കടം കൊടുക്കുന്നതിലല്ല വിഷമം കടം വാങ്ങി വലിക്കുന്ന സിഗരറ്റിന്റെ പുക കടക്കാരന്റെ മുഖത്തേക്ക് തന്നെ ഊതി വിടുന്നതിലാണ്. ആറു മാസത്തെ സിഗരറ്റിന്റെ ചില്ലറ വില്പ്പന നേടിത്തന്നത് കുറേക്കൂടി കിട്ടാക്കടങ്ങളാണ്- ജോസഫ്.

ആകർഷണീയമായ പായ്ക്കിൽ സിഗരറ്റിരിക്കുമ്പോൾ കടക്കാർക്കും എടുത്തുവലിക്കാൻ തോന്നും. ജോസഫിന്റെ വലിയും ആ കാലത്ത് വർധിച്ചിരുന്നു. ഇരുപതു പായ്ക്കറ്റോളം സിഗരറ്റ് ദിനംപ്രതി വലിച്ചുതള്ളുന്ന ചങ്ങല വലിയന്മാരെ ജോസഫിനറിയാം. അത്തരക്കാർ വീട്ടിലേക്ക് ഒന്നും കൊടുക്കാറില്ല. അവർക്കൊക്കെ സിഗരറ്റു വിറ്റാൽ കിട്ടുക പാപം മാത്രമാണ്.

സിഗരറ്റിന്റെ മൊത്ത വില്പന ലാഭമാണെങ്കിലും വളരെയധികംപേരെ പ്രത്യക്ഷമായും അതിലധികംപേരെ പരോക്ഷമായും ബാധിക്കുന്ന ഒരു വിപത്താണ് സിഗരറ്റും ബീഡിയും പാനും പുകയിലയുമൊക്കെ എന്ന് ജോസഫ് മനസിലാക്കുന്നു. അതുകൊണ്ടൊക്കെതന്നെ അതു വിൽക്കാൻ താനില്ലെന്ന് അദ്ദേഹം തീർത്തുപറയുന്നു.